# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 19 No. 08 PUBLISHED FROM DELHI PRICE Rs. 3/- AUGUST 2015


## എ.ജി.ഐ.എഫ്.എൻ.എ. കോൺഫ്രൻസ് സമാപിച്ചു

**ഷിക്കാഗോ:** അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യ ഫെല്ലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ 19-ാമത് നാഷണൽ കോൺഫ്രറൻസ് അനേകം ദൈവജനങ്ങളുടെ പ്രാർത്ഥനാ മുഖരിതമായ അന്തരീക്ഷത്തിൽ സമാപിച്ചു. ജൂലൈ 16 മുതൽ 19 വരെ ഷിക്കാഗോയിലെ ലംബർഡിലുള്ള വെസ്റ്റിൻ ഹോട്ടൽ അമേരിക്കയിലും കാനഡയിലുമുള്ള വിശ്വാസികളുടെ ആത്മീയ സംഗമ വേദിയായി.

കോൺഫ്രറൻസ് ജൂലൈ 16 വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് പാസ്റ്റർ സാജൻ ജോർജ് പ്രാർത്ഥിച്ചാരംഭിച്ചു. കോൺഫറൻസ് കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ഉദ്ഘാടനം നിർവ്വഹിച്ച് മഹാസംഗമത്തിന് തുടക്കം കുറിച്ചു.

മുഖ്യപ്രാസംഗികരായ റവ. ആൾട്ടൺ ഗ്യാരിസൺ, റവ. ഫിലിപ്പ് നൈഡർ, റവ. റാൻഡി റൂയിസ്, റവ. വി.ജെ. സാംകുട്ടി, റവ. റെയ്സൺ തോമസ്, പാസ്റ്റർ സാം കുമരകം, പാസ്റ്റർ സാമച്ചൻ, ഡോ. ശാലിനി പള്ളിൽ എന്നിവർ ക്രിസ്തുവേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ എന്ന ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ദൈവവചനം ശക്തിയായി പ്രഘോഷിച്ചു.

അതിനുപുറമെ വനിതകൾക്കും കുട്ടികൾക്കുമുള്ള യോഗങ്ങൾ, വിവാഹ സെമിനാറുകൾ, ആരോഗ്യപരിരക്ഷണ ക്ലാസ്സുകൾ, സ്പോർട്സ് ദിനം, റിട്ടയേർഡ് നഴ്സുമാരെ ആദരിക്കൽ, നാൽപ്പതിൽപരം വർഷങ്ങൾ കർത്തൃസേവയിൽ ആയിരിക്കുന്ന ദൈവദാസന്മാരെ ആദരിക്കൽ, കാത്തിരിപ്പ് യോഗങ്ങൾ, ഉണർവ്വ് യോഗങ്ങൾ എന്നിങ്ങനെ വിവിധയിനം പരിപാടികൾ അനുഗ്രഹമായി നടന്നു.

സംഗീത സംവിധായകൻ പാസ്റ്റർ സുനിൽ സോളമൻ, ഗായകരായ ഇമ്മാനുവേൽ ഹെന്റി, ഇവ. സാംസൺ സാമുവൽ എന്നിവരുടെ നേതൃത്വത്തിൽ ആത്മചൈതന്യത്തിന്റെ നിറവിൽ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

19ന് ഞായറാഴ്ച 9 മണിക്ക് ആരംഭിച്ച സഭായോഗത്തിൽ റവ. റെയ്സൺ തോമസ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസണിന്റെ നേതൃത്വത്തിൽ കർത്തൃമേശ ശുശ്രൂഷ നടന്നു. പാസ്റ്റർ കെ.പി. ടൈറ്റസിന്റെ പ്രാർത്ഥനാശീർവാദത്തോടെ 19-ാമത് നാഷണൽ കോൺഫ്രറൻസ് പര്യവസാനിച്ചു. നാഷണൽ സെക്രട്ടറി ഫിലിപ്പ് ദാനിയേൽ, ട്രഷറാർ സാബു യോഹന്നാൻ തുടങ്ങിയവർ കോൺഫ്രൻസിന് നേതൃത്വം നൽകി.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനകളായ ഫെയ്ത്ത് ക്രിസ്ത്യൻ മെൻസ് ഫെല്ലോഷിപ്പ് (FCMF), ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (FCYM), ഫെയ്ത്ത് ക്രിസ്ത്യൻ വിമെൻസ് അസോസിയേഷൻ (FCWA) എന്നിവയുടെ നേതൃത്വത്തിൽ 2015 മെയ് 31ന് റീജനിലെ വിവിധ സഭകളിലുള്ള വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങളുടെ വിതരണം നടത്തി.

ഞായറാഴ്ച വൈകിട്ട് 5:30ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ ഫെയ്ത്ത് ക്രിസ്ത്യൻ മെൻസ് ഫെല്ലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്ത് പഠനോപകരണ വിതരണം നിർവ്വഹിച്ചു. പ്രതികൂല ചുറ്റുപാടുകളെ സാധ്യതകളാക്കിമാറ്റി പഠനത്തിന് പ്രാധാന്യം കൊടുത്തവർ സമൂഹത്തിൽ പ്രസിദ്ധരായി മാറിയെന്നും ദൈവഭക്തിയിൽ പഠനം തുടർന്നാൽ ഉയർച്ച നേടാൻ കഴിയുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ കോ ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് ആശംസകളറിയിച്ചു. പുത്രികാ സംഘടന ഭാരവാഹികളായ പാസ്റ്റർ മനോജ് തമ്പി, പാസ്റ്റർ വിനോദ് കെ., സിസ്റ്റർ ഫേബാ ബോബി എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

അനുസ്മരണം

## അസാധാരണ സ്വപ്നമുണ്ടായിരുന്ന സാധാരണക്കാരൻ

### ഭാരതരത്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം

ബി.പി.ജെ. ന്യൂഡൽഹി

മുൻ രാഷ്ട്രപതിയും ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തെ ഉയരങ്ങളിൽ എത്തിച്ച ലോകോത്തര ശാസ്ത്രജ്ഞനും രാജ്യത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തിന്റെ പ്രതീകവുമായ ഭാരതരത്ന ഡോ. എ.പി.ജെ. അബ്ദുൽ കലാമിന്റെ വേർപാടിൽ എല്ലാ ഭാരതീയർക്കുമൊപ്പം *വിശ്വാസി*യും അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പാമ്പൻ പാലത്തിന്റെ നാടായ രാമേശ്വരത്തെ മോസ്ക് സ്ട്രീറ്റിൽ ചുണ്ണാമ്പുകല്ലും ഇഷ്ടികയും കൊണ്ടു നിർമ്മിച്ച പഴയ ഒരു വീട്ടിൽ 1931 ഒക്ടോബർ 15ന് അബൂൽ പക്കീർ ജൈനുലാബ്ദീൻ അബ്ദുൽ കലാം എന്ന എ.പി.ജെ. അബ്ദുൽ കലാം ജനിച്ചു. രാമനാഥപുരത്തെ സ്വാർട്ട്സ് സ്ക്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സ്കൂൾ വിദ്യഭ്യാസ കാലത്ത് അബ്ദുൽ കലാം ഒരു ശരാശരി വിദ്യാർത്ഥി മാത്രമായിരുന്നു. എങ്കിലും പുതിയ കാര്യങ്ങൾ പഠിക്കുന്നതിനു വേണ്ടി എത്ര കഠിനാധ്വാനം ചെയ്യാനും അദ്ദേഹം തയ്യാറായിരുന്നു. പഠനത്തിനുവേണ്ടി മണിക്കൂറുകളോളം അബ്ദുൽ കലാം ചിലവഴിക്കാറുണ്ടായിരുന്നു. ഗണിതമായിരുന്നു അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം. കലാമിന്റെ മുതിർന്ന സഹോദരിയുടെ ഭർത്താവ് ജലാലുദ്ദീൻ ആയിരുന്നു ആ ഗ്രാമത്തിൽ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനറിയാവുന്നവരിൽ ഒരാൾ. പുതിയ കണ്ടുപിടിത്തങ്ങളെക്കുറിച്ചും ശാസ്ത്രനേട്ടങ്ങളെക്കുറിച്ചും കലാമിനോട് പറയുമായിരുന്ന അദ്ദേഹം കലാമിന്റെ വിദ്യാഭ്യാസത്തിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്.

രാമേശ്വരം സ്കൂളിൽ പ്രാഥമിക പഠനം പൂർത്തിയാക്കിയ ശേഷം കലാം തിരുച്ചിറപ്പള്ളി സെന്റ് ജോസഫ് കോളജിൽ ഉപരിപഠനത്തിനായി ചേർന്നു. 1954ൽ കലാം ഈ കോളജിൽ നിന്നും ഭൗതികശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് സാഹിത്യത്തോട് കലാമിനു താത്പര്യമുണ്ടായിരുന്നു. തന്റെ ബിരുദപഠനകാലത്തെക്കുറിച്ച് കലാമിനു തന്നെ പിന്നീട് മതിപ്പുണ്ടായിരുന്നില്ല. ആകാശങ്ങളിൽ പറക്കുക എന്ന തന്റെ സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ ഭൗതികശാസ്ത്ര പഠനം കൊണ്ടു മാത്രം കാര്യമാവില്ല എന്ന് മനസ്സിലാക്കിയ കലാം, 1955ൽ എയ്റോസ്പേസ് എഞ്ചിനീയറിംങ്ങ് പഠിക്കുവാനായി മദ്രാസിലേക്ക് പോയി. അക്കാലത്ത് സാങ്കേതികവിദ്യാ പഠനത്തിൽ പ്രശസ്തമായ മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഉപരിപഠനത്തിനായി ചേർന്നു. വിമാനത്തിന്റെ സാങ്കേതികവശങ്ങൾ മനസ്സിലാക്കുവാൻ കോളജിൽ പ്രദർശിപ്പിച്ചിരുന്ന രണ്ടു വിമാനങ്ങളെ കലാം സുഷ്മതയോടെ ശ്രദ്ധിക്കുവാൻ തുടങ്ങി. ഒരു കൊല്ലത്തെ



വിദ്യാഭ്യാസത്തിനു ശേഷം എയ്റോനോട്ടിക്സ് തന്റെ ഐഛികവിഷയമായി തിരഞ്ഞെടുത്തു.

1960ൽ ബിരുദം നേടിയ ശേഷം ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ ഡെവലപ്മെന്റ് ആന്റ് പ്രോഡക്ഷൻ (എയർ) എന്ന സ്ഥാപനത്തിൽ ശാസ്ത്രജ്ഞനായി കലാം ജോലിക്ക് ചേർന്നു. ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള ഈ സ്ഥാപനം സൈന്യത്തിനായി സാങ്കേതികവിദ്യയും ഉപകരണങ്ങളും വികസിപ്പിച്ചെടുക്കുന്ന ഒരു കേന്ദ്രമായിരുന്നു. ഇന്ത്യൻ സൈന്യത്തിനു വേണ്ടി ഒരു സൂപ്പർ സോണിക് ടാർജറ്റ് എയർക്രാഫ്റ്റ് നിർമ്മിക്കുക എന്നതായിരുന്നു ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ കലാമിന്റെ ആദ്യ ദൗത്യം. ഈ ഉദ്യോഗത്തിൽ അദ്ദേഹം പൂർണ്ണ സംതൃപ്തനല്ലായിരുന്നു. പ്രമുഖ ശാസ്ത്രജ്ഞനായിരുന്ന ഡോ. വിക്രം സാരാഭായി നേതൃത്വം നൽകുന്ന ഇന്ത്യൻ നാഷണൽ കമ്മിറ്റി ഫോർ സ്പേസ് റിസർച്ച് എന്ന സ്ഥാപനത്തിൽ ചേരുവാനായി കലാമിന് ക്ഷണം ലഭിച്ചു. 1969ൽ കലാം, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിൽ നിയമിതനായി. ഇവിടെ വച്ച് കലാം ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹ വിക്ഷേപണവാഹനം നിർമ്മിക്കുന്ന സംഘത്തിന്റെ തലവനായിത്തീർന്നു. 1980-ൽ ഈ സംഘം നിർമ്മിച്ച എസ്.എൽ.വി.-3 എന്ന ഉപഗ്രഹവിക്ഷേപണ വാഹനം, രോഹിണി എന്ന ഉപഗ്രഹത്തെ ഭൂമിക്ക് വളരെയടുത്തുള്ള ഒരു ഭ്രമണപഥത്തിൽ വിജയകരമായി വിക്ഷേപിച്ചു.

വിക്രം സാരാഭായിക്കുശേഷം ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ രംഗത്തെ മുന്നോട്ട് നയിച്ച കലാം ഈ രംഗത്ത് രാജ്യം കൈവരിച്ച എല്ലാ നേട്ടങ്ങളുടേയും അണിയറ ശിൽപിയായിരുന്നു. ഉറവവറ്റാത്ത നൂതന ആശയങ്ങളുടെയും തളരാത്ത ബുദ്ധിവൈഭവത്തിന്റെയും ജ്വലിക്കുന്ന ആത്മവിശ്വാസത്തിന്റെയും ഉജ്വല പ്രതീകമായിരുന്ന അദ്ദേഹം അവസാനശ്വാസം വരെ രാജ്യത്തിന്റെ ശാസ്ത്രപുരോഗതിയും അതുവഴിയുള്ള സാധാരണ ജനങ്ങളുടെ ഉയർച്ചയും സ്വപ്നം കണ്ടു.

മിസൈൽ സാങ്കേതികവിദ്യയിലും ആണവോർജ്ജ വികസനത്തിലും ഇന്ത്യ കൈവരിച്ച എല്ലാ നേട്ടങ്ങളുടെയും ഒരു പങ്ക് ഭാരതീയ പാരമ്പര്യത്തിന്റെ മഹിമയിൽ ഊറ്റം കൊണ്ട അബ്ദുൽ കലാം എന്ന ഉത്തമ പുത്രന് അവകാശപ്പെട്ടതാണ്. 1980ലെ രോഹിണി ദൗത്യം മുതൽ പി.എസ്.എൽ.വി. വരെയുള്ള എല്ലാ മുന്നേറ്റങ്ങളിലും അദ്ദേഹം അമരക്കാരനായി. രാജ്യത്തിന്റെ തെക്കേ മൂലയായ രാമേശ്വരത്ത് ജനിച്ച് ലോകമെങ്ങും അറിയപ്പെട്ട കലാം, രാജ്യാന്തരതലത്തിൽ “മിസൈൽ മാൻ ഓഫ് ഇന്ത്യ” ആയിരുന്നു. പൊഖ്റാൻ ആണവ പരീക്ഷണത്തിന്റെ നാളുകളിൽ പാക്ക് മാധ്യമങ്ങൾ അദ്ദേഹത്തെ വിശേഷിപ്പിച്ചത് “മാഡ് ഇന്ത്യൻ സയന്റിസ്റ്റ്” എന്നായിരുന്നു. മൂന്നു പതിറ്റാണ്ടോളം നീണ്ട നിസ്വാർത്ഥ രാജ്യസേവനത്തിനുള്ള അംഗീകാരമെ

(ശേഷം മൂന്നാം പേജിൽ)

പത്രാധിപ ലേഖനം.......

# ദൈവിക കൂട്ടായ്മ



ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചശേഷം ഒരു തുണയുടെ ആവശ്യം കണ്ടു. കേവലമൊരു ഇണയല്ല, ഒരു തക്ക തുണയെ നൽകുവാനാണ് ദൈവം ആഗ്രഹിച്ചത്. താൻ സൃഷ്ടിച്ച സകല മൃഗങ്ങളേയും ദൈവം ആദമിന്റെ മുൻപാകെ കൊണ്ടുവന്നു. എങ്കിലും അവന് ഒരു തക്ക തുണയെ കണ്ടെത്തുവാനായില്ല. അങ്ങനെ ദൈവം അവന് കൂട്ടായി ഒരു സ്ത്രീയെ ഉണ്ടാക്കിക്കൊടുത്തു. മറ്റ് ചരാചരങ്ങളെപ്പോലെയല്ല, മറിച്ച് ആദാമിന്റെ ശരീരത്തിന്റെ ഒരു ഭാഗമെടുത്ത് അതിൽ നിന്നാണ് അവളെ സൃഷ്ടിച്ചത്. സ്ത്രീ പുരുഷനിൽ നിന്നുളവായതിനാൽ അവൾ അവന് തക്ക തുണയായിത്തീർന്നു. കാരണം അവൾ അവന്റെ പ്രകൃതിയുള്ളവളായിരുന്നു. അവൾ അവന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആയിരുന്നു. മനുഷ്യനും അവന്റെ തുണയ്ക്കുമിടയിൽ നിലനിൽക്കുന്നതും സംതൃപ്തകരവുമായ ബന്ധം ഉണ്ടാകണമെങ്കിൽ അവൾ അവനിൽ നിന്ന് നിർമ്മിക്കപ്പെടേണ്ടിയിരുന്നു.

ഭാര്യയും ഭർത്താവും തമ്മിലുള്ള ഈ കൂട്ടായ്മ യേശുവും അവന്റെ മണവാട്ടിയും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തിന്റെ ഛായയായിരിക്കണം എന്നതായിരുന്നു ദിവ്യോദ്ദേശ്യം എന്ന് പൗലൊസ് എഫെസ്യർക്ക് എഴുതിയ ലേഖനത്തിൽ വെളിപ്പെടുത്തുന്നു. 'ആരും തന്റെ ജഡത്തെ ഒരു നാളും പകച്ചിട്ടില്ലല്ലോ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റിപ്പുലർത്തുകയത്രേ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതുനിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരുദേഹമായി തീരും. ഈ മർമ്മം വലിയത്, ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്' (എഫെ.5:19–21).

ഏദൻ തോട്ടത്തിൽ സ്വയം പര്യാപ്തതയുള്ള മനുഷ്യനെ സൃഷ്ടിക്കുവാൻ ദൈവത്തിന് കഴിയുമായിരുന്നു. എന്നാൽ അത് ദൈവത്തിന്റെ പദ്ധതിയായിരുന്നില്ല. ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു. മനുഷ്യനുമായി കൂട്ടായ്മ സാദ്ധ്യമാക്കുവാൻ വേണ്ടി മാത്രമായിരുന്നില്ല ഇത്, മറിച്ച് ആ കൂട്ടായ്മ ദൈവത്തിനും മനുഷ്യനും ഒരു പോലെ ആസ്വാദ്യകരമായിത്തീരേണ്ടതിനുമായിരുന്നു.

അതെ, മനുഷ്യൻ ദൈവസാദൃശ്യത്തിലും സ്വരൂപത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സൃഷ്ടിയുടെ അവസാനത്തിൽ ദൈവം പറഞ്ഞു, നാം നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്കുക (ഉല്പ. 1:26) എന്ന്. അങ്ങനെ ദൈവം തന്റെ സൃഷ്ടിയുടെ വേല തന്റെ വ്യക്തിമുദ്ര പതിപ്പിച്ച് അവസാനിപ്പിച്ചു എന്ന് കാണാവുന്നതാണ്. മണ്ണിൽ നിന്ന് മനുഷ്യനെ ഉണ്ടാക്കി അവന്റെ വായിൽ ജീവശ്വാസം ഊതി ദൈവം മനുഷ്യനെ ജീവനുള്ള ദേഹിയാക്കിത്തീർത്തു. അതുകൊണ്ട് ദൈവസൃഷ്ടിയിൽ മനുഷ്യൻ മറ്റുള്ള എല്ലാ ജീവികളിൽ നിന്നും വിഭിന്നനായി തീർന്നു. അങ്ങനെ ശരീരവും അതിനോട് ദേഹിയും ആത്മാവുമടങ്ങിയ എന്നു പറഞ്ഞാൽ ഭൗതികവും അമൂർത്തവും ചേർന്ന ഒരു അതുല്യസൃഷ്ടിയാണ് മനുഷ്യൻ. ദൈവസാദൃശ്യത്തിന്റെ പ്രധാനഘടകങ്ങളായ വ്യക്തിത്വം, സാൻമാഗ്ഗികത, ആത്മീയത എന്നീ ഗുണങ്ങളോടുകൂടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. മാനസികമായി മനുഷ്യൻ ചിന്തിക്കുവാനും തീരുമാനിക്കുവാനും കഴിവുള്ളവനാണ്. മനുഷ്യൻ ചിന്തിച്ച് സ്വയമായി തീരുമാനമെടുക്കേണ്ടുന്നവനാണ്. ദൈവത്തിന്റെ ബുദ്ധിശക്തിയും ഇച്ഛാശക്തിയെയും ഇത് പ്രതിഫലിപ്പിക്കുന്നു. ആരെങ്കിലും എപ്പോഴെങ്കിലും ഒരു പുതിയ തന്ത്രം കണ്ടുപിടിക്കുകയോ, ഒരു പുസ്തകം എഴുതുകയോ, ഒരു ചിത്രം വരയ്ക്കുകയോ, ഒരു പുതിയ സംഗീതം സജ്ജമാക്കുകയോ, ഒരു പുതിയ കണക്ക് കണ്ടുപിടിക്കുകയോ ചെയ്യുന്നത് മനുഷ്യൻ ദൈവസാദൃശ്യത്തിൽ ആയിരിക്കുന്നതുകൊണ്ടാണ്. ധാർമ്മികമായി ദൈവത്തെപ്പോലെ പൂർണ്ണനീതിയിലും കുറ്റമില്ലായ്മയിലും ദൈവത്തിന്റെ വിശുദ്ധിയെ പ്രതിനിധീകരിക്കുന്നവൻ ആയിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യനെ സൃഷ്ടിച്ച ശേഷം എത്രയും നല്ലത് എന്ന് ദൈവം കണ്ടു എന്നു നാം വായിക്കുന്നു. നമ്മുടെ മനസാക്ഷി നാം ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് നമ്മെ വിളിച്ചറിയിക്കുന്നു. ആരെങ്കിലും ഒരു നിയമാവലി തയ്യാറാക്കുകയോ അനീതിക്കെതിരായി പോരാടുകയോ, നൻമയെ പുകഴ്ത്തുകയോ ചെയ്യുന്നതും അതിന്റെ പ്രതിഫലനമാണ്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അവന് കൂട്ടായ്മ ആവശ്യമാണ്. ഏദൻതോട്ടത്തിൽ വച്ച് മനുഷ്യൻ ദൈവീക കൂട്ടായ്മ അനുഭവിച്ചിരുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതിനാലാണ് ആദാമിന് തിരഞ്ഞെടുക്കുവാനുള്ള കഴിവ് ഉണ്ടായിരുന്നത്. ആദാം നീതിമാനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരുന്നതെങ്കിലും, അവൻ ദൈവത്തിന് വിരോധമായി അനീതിയെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. അങ്ങനെ അവനിലുണ്ടായിരുന്ന ദൈവസാദൃശ്യത്തിനും ദൈവതേജസിനും കേടുവരുത്തി, അത് പിൻതലമുറകളിലേക്ക് കൈമാറ്റം ചെയ്തു. ഇന്നും മനുഷ്യൻ ദൈവസാദൃശ്യം ഉള്ളവനാണെങ്കിലും പാപത്തിന്റെ കറ അവനിൽ പുരണ്ടിരിക്കുന്നു. മാനസികമായി, ധാർമികമായി, സാമൂഹികമായി മാത്രമല്ല ശാരീരികമായിപോലും നാം പാപത്തിന്റെ പരിണിതഫലങ്ങൾ പ്രദർശിപ്പിക്കുന്നവരാണ്. സുവിശേഷം മനുഷ്യനിൽ വരുത്തുന്ന വ്യത്യാസം എന്തെന്നാൽ, ദൈവം മനുഷ്യനെ വീണ്ടെടുക്കുമ്പോൾ നാം ആദ്യമനുഷ്യനെപ്പോലെ ദൈവസാദൃശ്യത്തിലേക്ക് മാറ്റപ്പെടുവാൻ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ (എഫെ.4:24) ധരിക്കുവാൻ ആനയിക്കപ്പെടുകയാണ്. നമ്മെ ദൈവത്തിൽ നിന്ന് വേർപിരിക്കുന്ന പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പ് ദൈവകൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രം നമുക്ക് ലഭ്യമാകുന്നതാണ് (എഫെ.2:8–9). ക്രിസ്തുവിലൂടെ ദൈവ സാദൃശ്യത്തിലുള്ള പുതുസൃഷ്ടിയായി നാം മാറ്റപ്പെടുകയാണ് ചെയ്യുന്നത് (2കൊരി. 5:17).

ദൈവത്തോടുള്ള കൂട്ടായ്മയ്ക്കു വേണ്ടിയാണ് നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ വീണ്ടെടുപ്പിന്റെ ഉദ്ദേശ്യം നിത്യനരകത്തിൽ നിന്ന് നമ്മെ വിടുവിക്കയെന്നത് മാത്രമല്ല, മനുഷ്യനുമായി നിരന്തരമായി കൂട്ടായ്മ പുലർത്തുവാനും ദൈവം ആഗ്രഹിക്കുന്നു. ദൈവത്തോടുള്ള കൂട്ടായ്മയിൽ മനുഷ്യൻ യഥാസ്ഥാനപ്പെടുന്നതാണ് ക്രിസ്തീയ ജീവിതം. ഇതിൽ കുറവായതൊന്നും ക്രിസ്തീയ ജീവിതമല്ല.

പാസ്റ്റർ എം. സാമുവൽകുട്ടി

## ക്ലേശത്തിന്റെ പീഠഭൂമിയിലെ കരുത്തനായ ധീരപോരാളി

(നാലാം പേജിൽ നിന്ന് തുടർച്ച)

ലയങ്ങൾ, പ്രാർത്ഥനാലയങ്ങൾ ഒക്കെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹം സ്ഥാപിച്ചു. മാത്രമല്ല പ്രാഥമിക വിദ്യാഭ്യാസം മാത്രമുണ്ടായിരുന്നെങ്കിലും ഗദ്യപദ്യരൂപത്തിൽ പതിനൊന്ന് പുസ്തകങ്ങൾ എഴുതി. 3 വാരികകൾ പ്രസിദ്ധീകരിച്ചു. തിരക്കുള്ള ശുശ്രൂഷകൾക്കിടയിൽ പ്രസിദ്ധങ്ങളായ നൂറുകണക്കിന് ഗാനങ്ങൾ സാധു കൊച്ചുകുഞ്ഞു ഉപദേശി രചിച്ചിട്ടുണ്ട്. "അനുഗ്രഹക്കടലേ എഴുന്നെള്ളി വരിക", "ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനിക്ക്", "ആരിതാ വരുന്നാരിതാ വരുന്നേശുരക്ഷകനല്ലയോ", "ആശ്വാസമേ എനിക്കേറെ തിങ്ങീടുന്നു," "എന്നെനിക്കെൻ ദുഃഖം തീരുമോ പൊന്നുകാന്താ", "എന്റെ ദൈവം മഹത്വത്തിൽ","എന്റെ ദൈവം സ്വർഗ്ഗസിംഹാസനം", "എന്റെ സമ്പത്തെന്നു ചൊല്ലുവാൻ", "ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ", "കർത്താവെ നിൻ രൂപം എനിക്കെല്ലായ്പ്പോഴും", "കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ", "പോന്നേശുതമ്പുരാൻ നല്ലൊരു രക്ഷകൻ", "ഉണരുക നീയെന്നാത്മാവേ ചേരുക", "ഉഷകാലം നാം എഴുന്നേൽക്കുക പരനേശുവേ" തുടങ്ങിയവ ചിലതുമാത്രം.

ആത്മപ്രചോദിതവും അർത്ഥസമ്പുഷ്ടവും ഭാഷാലാളിത്യം ഒക്കെ ഒത്തിണങ്ങിയ ഇത്തരം ഗാനങ്ങൾ ഇന്നും ജനലക്ഷങ്ങൾ പാടി ആരാധിക്കുന്നു.

വിശ്രമരഹിതമായ സുവിശേഷപ്രവർത്തനം നിമിത്തം രോഗിയായി ശാരീരിക ക്ഷീണത്തിലായി താൻ കിടക്കയിലായി. തന്റെ നിത്യവീട്ടിലേക്കുള്ള വിളി താൻ മനസിലാക്കി. മരണത്തെ താൻ ഭയപ്പെട്ടില്ല. അന്ത്യനിമിഷങ്ങളിൽ അടുത്തുനിന്ന ബന്ധുജനങ്ങളോട് തന്റെ വീട്ടിലേക്കുള്ള യാത്രയെ ഓർത്ത് കരയരുത് എന്ന് പറഞ്ഞു. എന്നിട്ട്, താൻ ആത്മാവിൽ പാടാൻ തുടങ്ങി,

ചേർന്നീടുമേ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരൊടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ട എനിക്കൊന്നും വേണ്ട – എന്റെ
നാഥന്റെ സന്നിധൗ ചേർന്നാൽ മതി.

1945 നവംബർ 30 വെള്ളിയാഴ്ച രാവിലെ 8.45ന് നിത്യതയുടെ തുറമുഖത്തേക്ക് താൻ യാത്രയായി.

സാധുകൊച്ചുകുഞ്ഞു ഉപദേശി എന്ന ആ ധീരപോരാളിയുടെ മൺകൂടാരം അടക്കം ചെയ്ത കല്ലറയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു

ആത്മാവ് നക്ഷത്രങ്ങൾക്കപ്പുറം കർത്താവിനെ എതിരേല്പാൻ പോയിരിക്കുന്നു. എന്റെ കർത്താവിന്റെ വരവിൽ ദിവ്യകൂടിക്കാഴ്ചയിൽ എല്ലാവരുമായി കണ്ടുകൊള്ളാം. പ്രിയരേ, ഇമ്പങ്ങളുടെ പറുദീസയിൽ നമുക്ക് അദ്ദേഹത്തെ കാണാം. ആമേൻ!


## വിശ്വാസ ഗീതങ്ങൾ

ഒരു ഉത്തമ ഗാനോപഹാരം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപ്പരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
Pastor M. Samuelkutty
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# അന്ത്യന്യായവിധി



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ബൈബിൾ സത്യങ്ങളിൽ ശ്രദ്ധാർഹമായ ചിന്താവിഷയമാണ് ന്യയവിധി. താൽക്കലിക ന്യായവിധിയെന്നും നിത്യന്യായവിധിയെന്നും രണ്ടു തരത്തിൽ ന്യായവിധിയെ പഠനത്തിന് വിധേയമാക്കാം. ശരീരത്തിൽ വച്ച് തന്നെ ദൈവം മനുഷ്യന് നൽകുന്ന ശിക്ഷകളാണ് താൽക്കാലിക ന്യായവിധി. ദൈവം നീതിമാനാണെന്നും പാപത്തിന് ദൈവം ശിക്ഷ വിധിക്കുമെന്നും മനുഷ്യരെ ഗ്രഹിപ്പിക്കുകയാണ് താൽക്കാലിക ന്യായവിധിയുടെ ഉദ്ദേശ്യം. നോഹയുടെ കാലത്തെ ജലപ്രളയം, സോദോം ഗൊമേറായെ തീയിലാക്കി നശിപ്പിച്ചത്, പത്ത് ബാധകൾ, ഫറവോന്റെ സൈന്യത്തെ ചെങ്കടലിൽ നശിപ്പിച്ചത്, പുതിയനിയമ വിശ്വാസികൾക്കുള്ള ബാലശിക്ഷ എന്നിവ താൽക്കാലിക ന്യായവിധിക്ക് ഉദാഹരണങ്ങളാണ്. ദൈവജനമല്ലാത്തവരെ പാപസംബന്ധമായി ദൈവം ഉടനെ ശിക്ഷിക്കുന്നില്ല (സഭാപ്രസംഗി 8:11). താൽക്കാലിക ന്യായവിധി അനുഭവിച്ചാലും ഇല്ലെങ്കിലും വരുവാനുള്ള നിത്യന്യായവിധി ഉണ്ട്.

നിത്യന്യായവിധിക്ക് ബൈബിൾ നൽകുന്ന പ്രധാന പേരുകൾ വെള്ളസിംഹാസന ന്യായവിധിയെന്നും അന്ത്യന്യായവിധിയെന്നുമാണ്. സഹസ്രാബ്ദ വാഴ്ചയ്ക്കും സാത്താന്റെ അന്ത്യപരാജയത്തിനും ശേഷം ന്യായാധിപനായ യേശുക്രിസ്തു നിത്യന്യായവിധി നടത്തും. മരിച്ചവർ ആബാലവൃദ്ധം ന്യായം വിധിക്കപ്പെടുവാൻ വെള്ളസിംഹാസനത്തിന് മുമ്പായി നിൽക്കണം. മനുഷകുലത്തിന്റെ ആരംഭം മുതൽ ഈ ഭൂമിയിൽ ജീവിച്ചിരുന്ന സകലരും ഉയിർത്തെഴുന്നേറ്റ് അന്ത്യന്യായവിധിക്കായി നിൽക്കണം. ഈ ഭൂമിയിലെ ജീവിതത്തിന് മനുഷ്യർ ദൈവമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടി വരും (1 പത്രൊ.4:3-5).

ന്യായസിംഹാസനത്തിന്റെ നിറം വെള്ളയാണ്. ഭൂമിയിലെ നീതിന്യായകോടതികളിലെ ഇരിപ്പിടങ്ങൾ പലതും ചുവപ്പും കറുപ്പുമാണ്. യേശുക്രിസ്തുവിന്റെ ന്യായവിധികൾ തികച്ചും നീതിയും ന്യായവും നിറഞ്ഞതായിരിക്കുമെന്ന് വെള്ള കാണിക്കുന്നു. സിംഹാസനം വലിയതാണ്. അതിന്റെ അർത്ഥം ഏറ്റവും വലിയ കോടതിയാണ് ക്രിസ്തുവിന്റെ അന്ത്യന്യായവിധിയുടെ സിംഹാസനം. ഏറ്റവും കൂടുതൽ പേർ ന്യായം വിധിക്കപ്പെടുന്ന ന്യായാസനമാണത്. എല്ലാ കോടതിയിലുമുള്ള പുസ്തകം ആ രാജ്യത്തിന്റെ നിയമ പുസ്തകമാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗീയ കോടതിയിൽ അന്ന് ന്യായവിധി നടക്കുന്നത് ദൈവരാജ്യത്തിലെ നിയമ പുസ്തകങ്ങളുടെ അടിസ്ഥാനത്തിലാണ്; അത് നിയമ പുസ്തകവും (ബൈബിൾ), ജീവന്റെ പുസ്തകവുമാണ്. വിവിധ യുഗങ്ങളിൽ രക്ഷപ്രാപിച്ചവരുടെ പേരുകൾ ജീവപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അന്ത്യന്യായവിധിയിലെ ശിക്ഷ രണ്ടാം മരണമെന്ന് അറിയപ്പെടുന്ന നിത്യനരകമാണ്. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും. യേശുവിനെ വിശ്വസിച്ച് രക്ഷകനായി അംഗീകരിക്കാത്തവരുടെ പേര് ജീവപുസ്തകത്തിൽ കാണുകയില്ല. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മത്താ.16:16), അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല (റോമ.8:1). യാതനാസ്ഥലം, നിത്യശിക്ഷ, രണ്ടാം മരണം, തീപ്പൊയ്ക, അന്ധതമസ് എന്നിങ്ങനെ വിവിധ നാമങ്ങൾ നരകം എന്ന ആശയത്തെ വിശദീകരിക്കാനായി ബൈബിൾ ഉപയോഗിക്കുന്നു. മരണം എന്നാൽ വേർപാട് എന്നാണ്. നരകത്തിനുള്ള ഒരു പേര് രണ്ടാം മരണമെന്നാണ്. ഒന്നാം മരണം ശാരീരിക മരണമാണ്, അത് മനുഷ്യനിൽ നിന്നുള്ള വേർപാടാണ്. രണ്ടാം മരണം എന്നത് ദൈവത്തിൽ നിന്നുള്ള സമ്പൂർണ്ണ വേർപാടാണ്. നരകത്തിലേക്ക് പോകുന്നവർക്ക് ദൈവത്തിലേക്ക് വരുവാൻ കഴിയുകയില്ല.

> യേശുക്രിസ്തുവിലുള്ളവർക്ക് അന്ത്യന്യായവിധിയില്ല. കാരണം യേശുക്രിസ്തു അവരുടെ ന്യായവിധി തന്റെ ശരീരത്തിൽ ഏറ്റെടുത്തു. ക്രൂശിതനായി. യേശുവിനായി നാം എന്ത് ത്യജിച്ചാലും അത് നഷ്ടമല്ല, അത് നിമിത്തം നാം നിത്യനരകത്തിൽ നിന്നും നിത്യസ്വർഗ്ഗത്തിൽ എത്തുന്നു. ഏത് വലിയ പാപവും ദൈവം ക്ഷമിക്കും എന്നാൽ രക്ഷകനായ യേശുവിനെ അംഗീകരിക്കാതിരിക്കുന്ന പാപം ദൈവം ക്ഷമിക്കുകയില്ല

നരകം തീയാണെന്ന് പത്തിലധികം പ്രാവശ്യം ബൈബിൾ വ്യക്തമാക്കുന്നു. കരച്ചിൽ, പല്ലുകടി, വേദന, ദാഹം, ദണ്ഡനം എന്നിവയെല്ലാമാണ് നരകവാസികൾക്ക് ഉണ്ടാകുവാൻ പോകുന്നത്. നരകം ഉണ്ടെന്ന് വിശ്വസിക്കാത്തത്കൊണ്ട് അതിൽ നിന്ന് രക്ഷപ്പെടുവാൻ കഴിയുകയില്ല. എന്നാൽ യേശുക്രിസ്തു മുഖാന്തരം ദൈവം ഒരുക്കിയിരിക്കുന്ന വഴി സ്വീകരിച്ചാൽ നരകയാതനകളിൽ നിന്നും നമുക്ക് രക്ഷ നേടാം. നരകത്തിലേക്ക് പോകുന്നത് ആരൊക്കെയാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. ഭീരുക്കൾ; ഭയം നിമിത്തം ക്രിസ്തുവിശ്വാസത്തെ ഏറ്റുപറയാത്തവർ; അവിശ്വാസികൾ, ക്രിസ്തുവിൽ വിശ്വസിക്കാത്തവർ, അറയ്ക്കപ്പെട്ടർ; പ്രകൃതിവിരുദ്ധമായ പാപം ചെയ്യുന്നവർ, കൊലപാതകന്മാർ; ഹീനവും ആസുത്രിതവുമായി കൊല ചെയ്യുന്നവർ, ദുർന്നടപ്പുകാർ, വ്യഭിചാരവും ലൈംഗികപാപവും ചെയ്യുന്നവർ; ക്ഷുദ്രക്കാർ (മറ്റുള്ളവരുടെ ഉയർച്ചയ്ക്ക് വിരോധമായി മന്ത്രവാദവും നേർച്ചകാഴ്ചകളും ചെയ്യുന്നവർ), ബിംബാരാധികൾ(രൂപങ്ങളെ ഉണ്ടാക്കി അവയോട് പ്രാർത്ഥിക്കുന്ന വിഗ്രഹാരാധകർ), മോഷ്ടാക്കൾ, മദ്യപന്മാർ എന്നിവരെല്ലാം നരകയോഗ്യരാണ്.

യേശുക്രിസ്തുവിലുള്ളവർക്ക് അന്ത്യന്യായവിധിയില്ല. കാരണം യേശുക്രിസ്തു അവരുടെ ന്യായവിധി തന്റെ ശരീരത്തിൽ ഏറ്റെടുത്തു, ക്രൂശിതനായി. യേശുവിനായി നാം എന്ത് ത്യജിച്ചാലും അത് നഷ്ടമല്ല, അത് നിമിത്തം നാം നിത്യനരകത്തിൽ നിന്നും നിത്യസ്വർഗ്ഗത്തിൽ എത്തുന്നു. ഏത് വലിയ പാപവും ദൈവം ക്ഷമിക്കും എന്നാൽ രക്ഷകനായ യേശുവിനെ അംഗീകരിക്കാതിരിക്കുന്ന പാപം ദൈവം ക്ഷമിക്കുകയില്ല. ദൈവം നമുക്ക് നൽകിയിരിക്കുന്ന രക്ഷയുടെ അനുഭവം ക്രിസ്തുവിലൂടെ നമുക്ക് അനുഭവമാക്കാം, അനുഗ്രഹിക്കപ്പെടാം.

# അസാധാരണ സ്വപ്നമുണ്ടായിരുന്ന സാധാരണക്കാരൻ

(രണ്ടാം പേജിൽ നിന്ന് തുടർച്ച)

ന്നോണം 2002ൽ ഡോ. കലാമിനെ ഏകകണ്ഠമായി രാഷ്ട്രപതിയായി തിരഞ്ഞെടുത്തു. ഭാരതരത്ന, പത്മ വിഭൂഷൻ ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി.

രാമേശ്വരത്ത് നിന്ന് രാജ്യത്തിന്റെ മിസൈൽ പദ്ധതിയിലേക്കും അവിടെ നിന്ന് രാഷ്ട്രപതി ഭവനിലേക്കും വളർന്നപ്പോഴെല്ലാം കുട്ടിക്കാലത്തിന്റെ ഓർമ്മ കലാമിന്റെ കൂടെയുണ്ടായിരുന്നു.മത്സ്യബന്ധനത്തിന് പോകുന്നവർക്ക് ചെറുബോട്ടുകൾ വാടകയ്ക്ക് കൊടുത്തും ചരക്കുബോട്ട് ഓടിച്ചും വരുമാന മാർഗ്ഗം കണ്ടെത്തിയിരുന്ന ജൈനുലാബ്ദീന്റെയും ആഷിയാമ്മയുടെയും ഇളയമകനായിരുന്നു കലാം. സ്കൂളിൽ പഠിക്കുന്ന കാലത്ത് വീട്ടിൽ വൈദ്യൂതിയുണ്ടായിരുന്നില്ല. രാത്രി ഏഴു മുതൽ ഒമ്പതുവരെ മണ്ണെണ്ണ വിളക്കാണ് വെളിച്ചമെത്തിച്ചിരുന്നത്. ഇളയ മകനായിരുന്നത്കൊണ്ട് ഉമ്മ എപ്പോഴും കലാമിനോട് കൂടുതൽ സ്നേഹം കാണിച്ചിരുന്നു. തനിക്ക് പ്രത്യേകമായി ഒരു ചെറിയ മണ്ണെണ്ണ വിളക്ക് ഉമ്മ നൽകിയിരുന്നുവെന്ന് കലാം പിൽക്കാലത്ത് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് രാത്രി വൈകിയും പഠിക്കാൻ സാധിച്ചിരുന്നു. ചെറുപ്പകാലത്തും കലാം കൃത്യനിഷ്ഠയുടെ കാര്യത്തിൽ മാതൃകയായിരുന്നു. എട്ടുവയസ്സുള്ളപ്പോൾ രാവിലെ നാലുമുതൽ അഞ്ചുവരെ കണക്കും അഞ്ചുമുതൽ ആറുവരെ അറബിയും പഠിക്കുമായിരുന്നു. അതിനുശേഷം റയിൽവേ സ്റ്റേഷനിൽ നിന്ന് പത്രക്കെട്ടുകൾ ശേഖരിച്ച് പത്രവിതരണം. അതിനുശേഷം സ്കൂളിലേക്ക് പോകും. വൈകിട്ട് സ്കൂളിൽ നിന്ന് മടങ്ങിയെത്തിയതിനു ശേഷം പത്രത്തിന്റെ പണം പിരിക്കും. പിന്നീട് മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ രാത്രി 11 വരെ പഠനം. ഒരു സാധാരണകുടുംബത്തിൽ ജനിച്ച അദ്ദേഹം കഠിനാധ്വാനവും ശുഭപ്രതീക്ഷയും കരുത്തായി കൊണ്ടു നടന്നു. സ്വതന്ത്രചിന്തയായിരുന്നു അദ്ദേഹത്തെ മുന്നോട്ട് നയിച്ചത്. രാഷ്ട്രപതി ഭവനിൽ വരെ ആധുനിക സാങ്കേതിക വിദ്യകൾ അദ്ദേഹം പ്രാവർത്തികമാക്കി. ഇന്ത്യയെ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലെത്തിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശം നൽകാനാണ് ജീവിതകാലമത്രെയും അദ്ദേഹം ശ്രമിച്ചത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രിയങ്കരമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളും രചനകളും.

രാഷ്ട്രപതി സ്ഥാനത്തെത്തുന്ന ആദ്യത്തെ ശാസ്ത്രജ്ഞൻ കൂടിയായിരുന്നു കലാം. രാഷ്ട്രപതി ഭവനിലും വളരെ ലാളിത്യം നിറഞ്ഞ ജീവിതമായിരുന്ന അദ്ദേഹം പിന്തുടർന്നുപോന്നത്. രാഷ്ട്രപതിക്ക് നിയമം മൂലം അനുവദിച്ചുകിട്ടിയിരുന്ന പല സൗജന്യസഹായങ്ങളും സ്വീകരിക്കുവാൻ കലാം തയ്യാറായിരുന്നില്ല. തന്റെ സ്വകാര്യ അതിഥികൾക്കുള്ള വിരുന്നുകൾക്ക് ഒരിക്കൽ പോലും സർക്കാർ ഫണ്ട് ഉപയോഗിച്ചില്ല. ജനകീയനായ ഈ രാഷ്ട്രപതി ഭാരതത്തിന്റെ ഭാവി തലമുറയെ വാർത്തെടുക്കാനായി രാജ്യമെമ്പാടുമുള്ള കുട്ടികളുമായി സംവദിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. കുട്ടികൾ അദ്ദേഹത്തെ ചാച്ചാകലാം എന്ന് വിളിച്ചിരുന്നു. മുപ്പതോളം സർവ്വകലാശാലകളിൽ നിന്നും അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. മാത്രമല്ല ഭാരത സർക്കാർ രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികൾ നൽകിയും ഡോ. കലാമിനെ ആദരിച്ചു.

ബഹുമുഖ പ്രതിഭയായ എ.പി.ജെ. അബ്ദുൽ കലാമിനു പകരം വയ്ക്കാൻ മറ്റൊരാളില്ല. അദ്ദേഹം യാത്രയായപ്പോൾ ഇന്ത്യ പ്രണാമർപ്പിക്കുന്നത് ഒട്ടനേകം അപൂർവ്വതകൾക്ക് കൂടിയാണ്. നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ആദ്യരാഷ്ട്രപതിയാണദ്ദേഹം; അന്തർവാഹിനി, യുദ്ധവിമാനം എന്നിവയിൽ സഞ്ചരിച്ച ആദ്യ പ്രസിഡന്റ്, ഹൂവർ പുരസ്കാരം നേടിയ ആദ്യ ഏഷ്യാക്കാരൻ, അവിവാഹിതനായ ഇന്ത്യൻ രാഷ്ട്രപതി, ലോകത്തിലാദ്യമായി വിദ്യാഭ്യാസ ആവശ്യങ്ങൾക്കു വേണ്ടി ഉപഗ്രഹം എന്ന ആശയം മുന്നോട്ടുവച്ച വ്യക്തി, ഏറ്റവും കൂടുതൽ ഓണററി ഡോക്ടറേറ്റുകൾ ലഭിച്ച ഇന്ത്യൻ പ്രസിഡന്റ്, ഒരു രൂപ മാത്രം പ്രതിമാസം ശമ്പളം കൈപ്പറ്റിയ രാഷ്ട്രപതി തുടങ്ങിയ ഒട്ടനവധി പ്രത്യേകതകൾ ഡോ. കലാമിനു മാത്രം സ്വന്തം. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെയും എഴുത്തുകളിലൂടെയും വ്യക്തമാക്കപ്പെട്ട നൂതനആശയങ്ങളും വേറിട്ട ചിന്തകളും സ്വപ്നങ്ങളും അനേകർക്ക് മാർഗ്ഗദർശിയായി ഇനിയും തുടരും.

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം

യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ

പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ

അയാട്ട (IATA) അംഗീകൃതം

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th August 2015
Date of Posting - 7th & 8th of every month

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

## ഈ തലമുറയെ ഏതിനോടു ഉപമിക്കേണ്ടു?

**പാസ്റ്റർ ജെയിംസ് ദാനിയേൽ**
**കുഴിക്കാല**

**നമ്മുടെ** കർത്താവായ യേശുക്രിസ്തു തിരുവായ്മൊഴിഞ്ഞ് അരുളിചെയ്ത വചനം ആകുന്നു തലക്കെട്ടിൽ കാണുന്നത്. ഗതികെട്ട ഒരു തലമുറയെ കണ്ടുകൊണ്ടാണ് നമ്മുടെ കർത്താവ് അരുളിചെയ്തത്. ഈ തലമുറ എന്ന കർത്താവ് എടുത്തുകാട്ടിയിരിക്കുന്നത് എന്ത് ഉദ്ദേശത്തിലാണ്!. അതേ, ദൈവീക അറിവും ജ്ഞാനവും കാഴ്ച യും നഷ്ടപ്പെട്ട തലമുറ എന്നർത്ഥം. ദൈവത്തെയോ ദൈവത്തിന്റെ പ്രവാചകന്മാരെയോ അഥവാ ദൈവശബ്ദത്തെയോ തിരിച്ചറിയാത്തവർ. കാരണം ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉയർച്ചയുടെ പടികൾ മനുഷ്യർ കയറിക്കൊണ്ടിരിക്കുന്നു. അതിൽ സന്തുഷ്ടരായി ലോകത്തിൽ വാഴുന്നു. പ്രിയരേ, ദൈവവചനത്തിലും ദൈവീക ആലോചനയിലും മാത്രമേ നാം മുന്നോട്ട് ഗമിക്കാവൂ, അല്ലെങ്കിൽ പരാജയം നിശ്ചയം. രക്ഷിക്കപ്പെട്ടു, സ്നാനമേറ്റു എന്നു പറയുന്നതിലല്ല, വചനത്തിലും കർത്താവിലും അടിസ്ഥാനപ്പെട്ടവരായി നമുക്ക് തീരാം. പൗലൊസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു, സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ വിശ്വസിക്കുന്ന ഏവർക്കും ഭോഷ്ക്കു വിശ്വസിക്കുമാറുള്ള വ്യാജത്തിന്റെ വ്യാപാരശക്തി ലഭിക്കുന്നു (2 തെസ്സ. 2:11). സത്യവചനം അഥവാ കർത്താവിനെ വിശ്വസിക്കാതെ ലോകത്തിന്റെ ചിന്തയിലും അതിന്റെ വ്യാജത്തി ലും മനസ്സുവച്ച് ദൈവത്തിൽ നിന്ന് അകന്നുമാറിയിരിക്കുന്നു. യെശയ്യാവ് പറയുന്നു, "യഹോവയെ നിരസിച്ചവരും പരിശുദ്ധനായവനെ പുറംതള്ളിയവരുമായ ജനം"(യെശ. 1:1).

പ്രിയരേ, നാം വന്നെത്തിയിരിക്കുന്ന നാൾ സകലത്തിന്റെയും അന്ത്യം വരുത്തുന്ന ദിനങ്ങൾ എന്ന് വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾക്ക് ഗ്രഹിപ്പാൻ കഴിയും. ദൈനംദിനം നോക്കിയാൽ ഈ തലമുറയുടെ പോക്ക് കണ്ട് നമുക്ക് അവർക്കായി കരയുവാനല്ലാതെ എന്ത് കഴിയും? അധഃപതനത്തിന്റെ വശങ്ങളിലേക്ക് ഈ തലമുറ പോകുന്നു. ആർക്കും ആരും ക്രമീകരിപ്പാൻ സാധിക്കുന്നില്ല. ദൈവീക ശുശ്രൂഷയുടെ ശ്രേഷ്ഠത, മാന്യത എന്നിവ നഷ്ടപ്പെടുന്നു. ദൈവത്തെ ചോദ്യം ചെയ്യുകയും സ്വന്ത മോഹങ്ങളെ അനുസരിച്ച് നടക്കുകയും ചെയ്യുന്ന പരിഹാസികൾ എഴുന്നേൽക്കും (2പത്രൊ: 3:4). തികച്ചും ഈ വാക്യം അന്വർദ്ധമായിരിക്കുന്നു. ദൈവിക ശുശ്രൂഷയെ ചോദ്യം ചെയ്യുന്നത് ശുശ്രൂഷ തന്ന കർത്താവിനെയാണ് എന്ന് പ്രത്യേകം ഓർക്കുക. ദൈവം എന്തു ചെയ്യുന്നു? ദൈവത്തിന് എന്ത് കഴിയും? എന്നിങ്ങനെയാണ് ഇന്നത്തെ ജ്ഞാനികൾ എന്ന് ഭാവിക്കുന്ന മൂഢ ചിന്തകന്മാരുടെ ചോദ്യം. സ്വയഇഷ്ടം, ഇച്ഛ അഥവ ജഡീകം എന്നിവ നിവർത്തിക്കുകയാണ് ഇവരുടെ ലക്ഷ്യം.

യൂദാ തന്റെ ലേഖനത്തിൽ ഇത്തരക്കാരെ വ്യക്തമായി എടുത്തുകാട്ടുന്നുണ്ട്. അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ ഉണ്ടാകും (യൂദാ 16). ദൈവഭക്തിക്ക് വിരുദ്ധമായ മോഹികൾ, അവയ്ക്കു കീഴ്പ്പെട്ടവർ എന്നർത്ഥം. ഇനിയും ഇവരുടെ സ്വഭാവം, പ്രവർത്തികൾ എന്തെന്നു നോക്കാം. ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ, കേവലം ജഡീകർ, കലഹക്കാരും ഇവർ തന്നെ. എന്നാൽ നാം വിലകൊടുക്കേണ്ടതും ആഗ്രഹിക്കേണ്ടതും ആയവ പരിശുദ്ധാത്മാവ്, വിശുദ്ധി, പരിജ്ഞാനം എന്നിവയ്ക്കാണ്. ജഡമോഹികൾ, പ്രാകൃതവേഷക്കാർ, പരിഷ്കാരജീവികൾ എന്നിവയുടെ വർദ്ധനവ് അന്ത്യകാലത്തിന്റെ ലക്ഷണമാകുന്നു. ആകയാൽ വിശുദ്ധന്മാരാകുന്ന നാം ഈ വിധകാര്യങ്ങളിൽ സൂഷ്മതയുള്ളവരും ജ്ഞാനികളുമായിരിക്കേണം. അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു.

ആകയാൽ നാം ഭക്തികേട്, പ്രപഞ്ചമോഹം എന്നിവ വെടിഞ്ഞ്, സുബോധം, നീതി, ദൈവഭക്തി എന്നിവയെ മുറുകെ പിടിക്കുക. ☐

> **നാം വിലകൊടുക്കേണ്ടതും ആഗ്രഹിക്കേണ്ടതും ആയവ പരിശുദ്ധാത്മാവ്, വിശുദ്ധി, പരിജ്ഞാനം എന്നിവയ്ക്കാണ്. ജഡമോഹികൾ, പ്രാകൃതവേഷക്കാർ, പരിഷ്കാരജീവികൾ എന്നിവയുടെ വർദ്ധനവ് അന്ത്യകാലത്തിന്റെ ലക്ഷണമാകുന്നു. ആകയാൽ വിശുദ്ധന്മാരാകുന്ന നാം ഈ വിധകാര്യങ്ങളിൽ സൂഷ്മതയുള്ളവരും ജ്ഞാനികളുമായിരിക്കേണം**

ഉറവ

## ക്ലേശത്തിന്റെ പീഠഭൂമിയിലെ കരുത്തനായ ധീരപോരാളി



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

ദക്ഷിണേന്ത്യയിലും ശ്രീലങ്കയിലും നാല് പതിറ്റാണ്ടോളം വിശ്രമമറിയാതെ നിർമ്മലസുവിശേഷം പ്രഘോഷിച്ച സാധു കൊച്ചുകുഞ്ഞുപദേശിയുടെ ജീവിതം അത്ഭുതാദരങ്ങളോടു മാത്രമേ അനുസ്മരിക്കാനാവൂ. യൗവ്വനം വഴിമാറുന്നതിനു മുമ്പുതന്നെ ജീവിതത്തിന്റെ സമസ്ത സുഖങ്ങളും ത്യജിച്ചു. അപ്പോൾതന്നെ ജീവിതത്തിൽ നിന്ന് ഒളിച്ചോടിയല്ല വേദഗ്രന്ഥത്തോട് നീതി പുലർത്തിയത്.

വർത്തമാനകാലത്ത് നാം മാതൃകയാക്കുവാൻ പാകമായ ഒട്ടനവധി സദ്ഗുണങ്ങൾ സാധുവിൽ ശ്രദ്ധേയമായിട്ടുണ്ടായിരുന്നു. ആയിരക്കണക്കിന് മനുഷ്യമനസുകളിൽ പരിവർത്തനത്തിന്റെ തിരികൊളുത്തി, എത്രയോ പ്രസ്ഥാനങ്ങൾക്കു രൂപം നൽകി, സമൂഹത്തിൽ പഴകിയുറച്ചുപോയ തിന്മകൾക്കെതിരെ പോരാടി സമൂഹത്തിന്റെ വേദനകളിൽ പങ്കുചേരാനും അഗതികളുടെ കണ്ണീരൊപ്പാനും കഴിഞ്ഞു.

മദ്ധ്യതിരുവിതാംകൂറിലെ ചെങ്ങന്നൂരിനടുത്ത് ഇടയാറൻമുള ഗ്രാമത്തിൽ മൂത്താംപാക്കൽ വീട്ടീൽ ഇട്ടി - മറിയാമ്മ ദമ്പതികളുടെ എട്ടാമത്തെ മകനായി 1885 ഡിസംബറിൽ കൊച്ചുകുഞ്ഞ് ജനിച്ചു. മാതാപിതാക്കൾ ദൈവഭയമുള്ളവരും ആർദ്രഭാവമുള്ളവരും സമർപ്പിത ക്രിസ്ത്യാനികളും ആയിരുന്നു. ഇട്ടി - മറിയാമ്മ ദമ്പതികളുടെ ആദ്യജാതൻ വീടിന് സമീപത്തുകൂടി ഒഴുകുന്ന പമ്പാനദിയിൽ അപകടത്തിൽ പെട്ട് മരിച്ചു. തുടർന്ന് 6 പെൺമക്കൾ. അതിനുശേഷം സാധു ജനിച്ചു. മാതാപിതാക്കളും സഹോദരിമാരും വചനപാരായണത്തിലും പ്രാർത്ഥനയിലും തന്നെ പരിശീലിപ്പിക്കുവാൻ ബദ്ധശ്രദ്ധാലുക്കളായിരുന്നു. കർശനമായി ക്രിസ്തീയ അച്ചടക്കത്തിലാണ് കൊച്ചുകുഞ്ഞ് വളർന്നുവന്നത്. സ്കൂളിൽ തന്റെ ഔദ്യോഗിക നാമം എം.ഐ. വർഗ്ഗീസ് എന്നായിരുന്നു. അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന കെ.വി.സൈമൺ പിൽക്കാലത്ത് മഹാകവിയും സഭാനേതാവുമായി മാറി.

ആ കാലത്ത് ശൈശവ വിവാഹം സാധാരണമായതിനാൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ 12-ാം വയസ്സിൽ കുറിയന്നൂരുള്ള വട്ടപ്പാറ വീട്ടിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. തുടർന്ന് രണ്ട് വർഷം കൂടി പൂവത്തൂർ ഇംഗ്ലീഷ് സ്കൂളിൽ പഠിച്ചു. 14-ാമത്തെ വയസ്സുമുതൽ കൃഷിയിൽ പിതാവിനെ സഹായിക്കുവാൻ തുടങ്ങി.

11-ാമത്തെ വയസ്സിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. 15-ാമത്തെ വയസ്സിൽ മാതാവ് മരിച്ചു. തുടർന്ന് രോഗിയായ പിതാവിനെ നോക്കേണ്ട ചുമതല തനിക്കായി. കൃഷിയിൽ നിന്ന് കിട്ടുന്ന വരുമാനം ജീവിത സന്ധാരണത്തിന് തികയുമായിരുന്നില്ല. അതുകൊണ്ട്തന്നെ ബാല്യത്തിൽ ചെറിയ ജോലികൾ ചെയ്യുമായിരുന്നു. ഭാര്യയുടെ മാതാപിതാക്കൾ വളരെ സഹായമായിരുന്നു. പലവർഷങ്ങൾ താൻ സൺഡേ സ്കൂൾ അദ്ധ്യപകനായി പ്രവർത്തിച്ചു.

17-ാമത്തെ വയസ്സിൽ കൊച്ചുകുഞ്ഞ് ഉപദേശിയായി പൂർണ്ണസമയ സുവിശേഷവേല ആരംഭിച്ചു. രോഗിയായ പിതാവിനെ ശുശ്രൂഷിക്കേണ്ടതിനാൽ ആദ്യകാലങ്ങളിൽ വീടിനടുത്തുതന്നെ ആയിരുന്നു പ്രവർത്തനം. കൃഷിയിടത്തിലെ പണിക്ക് ശേഷം ഒരുകൈയ്യിൽ റാന്തൽ വിളക്കും മറുകയ്യിൽ ബൈബിളുമായി വീടുകൾ സന്ദർശിക്കുമായിരുന്നു.

20-ാമത്തെ വയസ്സിൽ പിതാവ് മരിച്ച ശേഷം തന്റെ പ്രവർത്തനം വിവിധ ദേശങ്ങളിലേക്ക് വ്യാപിപ്പിച്ചു. വ്യത്യസ്തവേഷമായിരുന്നു തനിക്ക്. എപ്പോഴും വെള്ളമുണ്ടും വെള്ളഷർട്ടും. കുടയും ബൈബിളും കൈയ്യിൽ. വിശുദ്ധജീവിതം, സ്വയനിയന്ത്രണം, സ്വയത്യാഗം, സമൂഹനന്മയ്ക്കുവേണ്ടിയുള്ള സമർപ്പണം, പ്രാർത്ഥനയും ധ്യാനവും ഒക്കെ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു.

തനിക്ക് മൂന്ന് മക്കൾ. വർഗ്ഗീസ്കുട്ടി, ശമുവേൽകുട്ടി, മറിയാമ്മ. അതിൽ രണ്ടാമത്തെ മകൻ ശമുവേൽകുട്ടി 9-ാമത്തെ വയസ്സിൽ മരിച്ചു. മകന്റെ മരണം തന്റെ ജീവിതത്തിലെ തീരാനഷ്ടമായി. ആ പശ്ചാത്തലത്തിലാണ്,

"ദുഃഖത്തിന്റെ പാനപാത്രം
കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി
ഹല്ലേല്ലൂയ്യാ പാടീടും ഞാൻ", എന്ന മരണമില്ലാത്ത ഗാനം എഴുതിയത്. 1915ൽ എഴുതിയ ഈ അനശ്വരഗാനം 100 വർഷം പിന്നിടുന്നു. രണ്ടാമത്തെ മകന്റെ മരണം, ദാരിദ്രം, കുടുംബത്തെ സംരക്ഷിക്കുവാനുള്ള ചുമതല, രോഗം ഒക്കെ അടങ്ങിയ ജീവിതക്ലേശത്തിന്റെ പീഠഭൂമിയിൽ കരുത്തനായ ഒരു ധീരപോരാളിയായി ദൈവം അദ്ദേഹത്തെ രൂപാന്തരപ്പെടുത്തി.

ക്രിസ്തീയ ആശ്രമങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാ

(ശേഷം രണ്ടാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്-ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*